LIBRARY ARCHIVES Kerala Legislative Assembly

വാർഷിക പദ്ധതി

15(3436) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നുണ്ടോ; എങ്കിൽ വാർഷിക പദ്ധതി ചെലവ് കിഫ്ബി പദ്ധതികളുടെ ചെലവിന്റെ അടിസ്ഥാനത്തിലാണോ നിർണ്ണയിക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ?

സർക്കാരിന്റെ വാർഷിക പദ്ധതിയിലുൾപ്പെടുന്നവ കിഫ്ബി ഏറ്റെടുത്ത് നടത്തുന്നില്ല. ഓരോ സാമ്പത്തികവർഷവും സംസ്ഥാനത്തിന്റെ വിഭവ ലഭ്യത കണക്കാക്കിയിട്ടാണ് ആസൂത്രണ ബോർഡ് മൊത്തം പദ്ധതി അടങ്കൽ നിശ്ചയിക്കുന്നതും അതിനാനുപാതികമായി ഓരോ പദ്ധതിക്കും തുക വകയിരുത്തി വരുന്നതും. സംസ്ഥാന വാർഷിക പദ്ധതിയുൾപ്പെടുന്ന പദ്ധതികളുടെ നിർവ്വഹണത്തിനാവശ്യമായ തുക ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ ഉൾപ്പെടുത്തി നിർവ്വഹണ എജൻസികൾ/വകുപ്പുകൾക്ക് സംസ്ഥാന അക്കൗണ്ടിൽ നിന്നു തന്നെ നൽകി വരുന്നതിനാൽ പ്രസ്തുത രീതിയിൽ അനുവദിക്കുന്ന തുകകൾ മാത്രമാണ് വാർഷിക പദ്ധതി ചെലവ് നിർണ്ണയിക്കുന്നതിനായി കണക്കിലെടുക്കുന്നത്. കിഫ്ബി വഴി ഫണ്ടിംഗ് നടത്തുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ചെലവ് വാർഷിക പദ്ധതിയുടെ ഭാഗമായി കണക്കാക്കുന്നില്ല.

പയ്യന്നൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

16(3437) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനാനുമതി നൽകി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പട്ടിക നിലവിലെ സ്ഥിതി സഹിതം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.